## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7432 — 14.07.2014 ലെ മറുപടിയ്ക്ക്

# കൃഷിവകുപ്പ് മുഖേന നൽകുന്ന ആനുകൂല്യങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വിവിധ വിഭാഗത്തിൽപ്പെട്ട കർഷകർക്ക് കൃഷി വകുപ്പ് മുഖേനയും മറ്റ് ഏജൻസികൾ മുഖേനയും നൽകുന്ന സബ്സിഡികൾ, ആനുകൂല്യങ്ങൾ, പെൻഷനുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | (എ) | 2011-ൽ കൃഷി വകുപ്പ് പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ കൃഷി വകുപ്പ് പ്രസിദ്ധീകരിച്ച ഈ പൗരാവകാശ രേഖയിൽ കൃഷി വകുപ്പ് മുഖേനയും മറ്റ് ഏജൻസികൾ മുഖേനയും നൽകി വരുന്ന ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) ഇല്ലെങ്കിൽ സംസ്ഥാനത്തെ വിവിധ വിഭാഗത്തിൽപ്പെട്ട കർഷകർക്ക് കൃഷി വകുപ്പ് മുഖേനയും, മറ്റ് ഏജൻസികൾ മുഖേനയും നൽകുന്ന സബ്സിഡികൾ, ആനുകൂല്യങ്ങൾ, പെൻഷനുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | കൃഷി വകുപ്പ് മുഖേന വിവിധ വിളകൾ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനമായി വിവിധ പദ്ധതികൾ മുഖേന സംസ്ഥാനത്തെ ചെറുകിട നാമമാത്ര കർഷകർക്ക് നൽകിവരുന്ന സബ്സിഡികളും മറ്റ് ആനുകൂല്യങ്ങളും ചുവടെ ചേർക്കുന്നു.<br><br><u>നെൽകൃഷി-</u> നെൽകർഷകർക്ക് സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെ പദ്ധതികൾ യോജിപ്പിച്ചുകൊണ്ട് സംഘ കൃഷിയ്ക്ക് ഹെക്ടറിന് 4,500/- രൂപ സബ്സിഡി നൽകുന്നു. കൂടാതെ പാടശേഖര സമിതികളുടെ പ്രവർത്തന ചെലവുകൾക്കായി ഹെക്ടറിന് 200/- രൂപ പ്രകാരം ഒരു പാടശേഖരത്തിന് 20,000/- രൂപ വരെ ധനസഹായം നൽകുന്നു. വിവിധ നെല്ല് വികസന ഏജൻസികൾക്ക് പ്രവർത്തന ആവശ്യങ്ങൾക്കായി 150.00 ലക്ഷം രൂപ ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്. കൂടാതെ ഉൽപ്പാദിപ്പിക്കുന്ന നെല്ല് കിലോയ്ക്ക് 19/-രൂപ നിരക്കിൽ സപ്ലൈകോ മുഖേന സംഭരിക്കുന്നു. കർഷകർക്ക് ഉല്പാദന ബോണസ്സായി ഹെക്ടറിന് 1,000/- രൂപ നിരക്കിൽ നൽകിവരുന്നു.<br><br><u>പച്ചക്കറി കൃഷി-</u> സ്കൂൾ വിദ്യാർത്ഥികൾക്കും വനിതകൾക്കും വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിന് സൗജന്യമായി വിത്ത് നൽകുന്നു. പച്ചക്കറി കർഷകർക്ക് ക്ലസ്റ്റർ അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 15,000/- രൂപ നിരക്കിൽ ധനസഹായം നൽകുന്നു. കൂടാതെ സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിൽ തരിശ് ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് പ്രോജക്ടടിസ്ഥാനത്തിൽ |

ധനസഹായം നൽകുന്നു. നഗര പ്രദേശങ്ങളിൽ ടെറസ്സിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി ഗ്രോബാഗുകൾ 75% സബ്സിഡി നിരക്കിൽ നൽകിവരുന്നു.

കേരകൃഷി- തെങ്ങ് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് വിവിധ ആനുകൂല്യങ്ങൾ ഉൾപ്പെടുത്തി 45 കോടി രൂപ പദ്ധതി 2014-15 സാമ്പത്തിക വർഷം സർക്കാർ അംഗീകാരത്തോടെ നടപ്പിലാക്കുന്നതാണ്. കിലോയ്ക്ക് 28/- രൂപ നിരക്കിൽ കേരഫെഡ് മുഖേന പച്ചതേങ്ങ സംഭരിക്കുന്നു.

വിളപരിപാലന പദ്ധതി- 271 പഞ്ചായത്തുകളിലും 2 കോർപ്പറേഷനുകളിലും പ്രദേശത്തെ പ്രധാന വിളകൾ കൃഷി ചെയ്യുന്ന തെരഞ്ഞെടുത്ത കർഷകരുടെ കൃഷിയിടങ്ങൾ കൃത്യമായി ഇടവേളകളിൽ പരിശോധിച്ച് ആ പ്രദേശത്തേയ്ക്ക് വിള സംരക്ഷണത്തിനു വേണ്ട ശുപാർശകൾ നൽകുന്നു. 23 പഞ്ചായത്തുകളിൽ കാർഷിക ക്ലിനിക്കുകളും പ്രവർത്തിക്കുന്നു.

ആത്മ പദ്ധതി- കൃഷി വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിനായി കർഷകർക്ക് പരിശീലനങ്ങൾ പഠനയാത്രകൾ, പ്രദർശനത്തോട്ടങ്ങൾ, ഫാർമേഴ്സ് ഫീൽഡ് സ്കൂളുകൾ എന്നിവ നടത്തിവരുന്നു.

ജൈവകൃഷി- ജൈവജില്ലയായ കാസർഗോഡ് ജൈവ കൃഷിരീതികൾ വ്യാപിപ്പിക്കുന്നതിന് കർഷകരുടെ ക്ലസ്റ്റർ രൂപീകരണം, നിലവിലുളളവയുടെ ശാക്തീകരണം, ജൈവ വള നിർമ്മാണ യൂണിറ്റ്, പച്ചിലവള പ്രയോഗം, ജൈവ സർട്ടിഫിക്കേഷൻ എന്നിവയ്ക്ക് ധനസഹായം നൽകുന്നു.

തരിശുനിലകൃഷി- പ്രസ്തുത പദ്ധതി പ്രകാരം നെല്ലിന് ഹെക്ടറിന് 45,000/- രൂപയും പച്ചക്കറിയ്ക്ക് ഹെക്ടറിന് 30,000/-രൂപയും വാഴകൃഷിയ്ക്ക് 40,000/- രൂപയും കിഴങ്ങുവർഗ്ഗങ്ങൾക്ക് ഹെക്ടറിന് 30,000/- രൂപയും നൽകി വരുന്നു.

സുഗന്ധവിള കൃഷി- സുഗന്ധവിള കൃഷിയായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പു, ജാതി എന്നിവയുടെ വികസനത്തിന് മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പ്രത്യേകം പദ്ധതിയിലൂടെ ധനസഹായം നൽകിവരുന്നു.

അഗ്രോസർവ്വീസ് സെന്ററുകൾ- സംസ്ഥാനത്തെ 35 ബ്ലോക്കുകളിൽ കാർഷിക യന്ത്രങ്ങളും അവ ഉപയോഗിക്കുന്ന തൊഴിലാളികളുടെയും സേവനം മിതമായ നിരക്കിൽ അഗ്രോ സർവ്വീസ് സെന്ററുകൾ വഴി ലഭ്യമാക്കി വരുന്നു. കൂടുതൽ സെന്ററുകൾ 2014-15 വർഷത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.
കാർഷിക കർമ്മസേന- പഞ്ചായത്ത് തലത്തിൽ കാർഷിക യന്ത്രങ്ങളും അവയുടെ ഉപയോഗത്തിൽ പരിശീലനം നേടിയ തൊഴിലാളികളുടെയും ഒരു ടീം (സേന) രൂപീകരിച്ചുവരുന്നു. കർഷകർക്ക് മിതമായ നിരക്കിൽ ഇവരുടെ സേവനം ലഭ്യമാകുന്നതാണ്.

കർഷക പെൻഷൻ- 60 വയസ്സ് പൂർത്തിയായ ചെറുകിട നാമമാത്ര കർഷകർക്ക് പദ്ധതിമാനദണ്ഡങ്ങൾക്കു വിധേയമായി മാസം 500/- രൂപ പെൻഷൻ നൽകുന്നു.

പരിശീലന പരിപാടികൾ- കൃഷി വകുപ്പിന്റെ കീഴിലുള്ള 9 പരിശീലന കേന്ദ്രങ്ങളിലൂടെ കർഷകർക്ക് വിവിധ കാർഷിക വിഷയങ്ങളിൽ സൗജന്യ പരിശീലനം നൽകിവരുന്നു.

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

1. രാഷ്ട്രീയ കൃഷി വികാസ് യോജന(ആർ.കെ.വി.വൈ)

പ്രസ്തുത പദ്ധതിയിൽ നിന്നും ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് നാളികേര വികസനം, നെൽകൃഷി, കാർഷിക മേഖലയിലെ യന്ത്രവത്ക്കരണം തുടങ്ങിയ പ്രധാന മേഖലകളിൽ സംസ്ഥാന ബജറ്റിലുള്ള തുകയ്ക്ക് പുറമെ അധിക ധനസഹായം കർഷകർക്ക് നൽകിവരുന്നു.

2. "മൈക്രോ ഇറിഗേഷൻ"- ഡ്രിപ്പ്, സ്പ്രിംഗ്ലർ രീതിയിലുള്ള ജലസേചന രീതികൾ കൃഷിയിടങ്ങളിൽ സ്ഥാപിക്കുന്നതിന് ആകെ ചെലവിന്റെ 75% വരെ സബ്സിഡിയായി നൽകുന്നു.

3. ബയോഗ്യാസ് വികസന പദ്ധതി- ഗാർഹികാവശ്യത്തിന് ബയോഗ്യാസ് പ്ലാന്റ് (ദീനബന്ധു മോഡൽ) സ്ഥാപിക്കുന്നതിന് 1 $m^3$ വലിപ്പമുള്ള പ്ലാന്റിന് 3,500/- രൂപയും 2-10$m^3$ വലിപ്പമുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിന് 8,000/- രൂപയും ധനസഹായം നൽകിവരുന്നു.

ഇവ കൂടാതെ കൃഷി വകുപ്പ് നൽകിവരുന്ന കർഷക അവാർഡുകൾ ഉൾപ്പെടെ 46 സേവനങ്ങൾ 2011 ൽ പ്രസിദ്ധീകരിച്ച പൗരാവകാശരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ